## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1946 | 04.05. 2017 ൽ മറുപടിക്ക്

### കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ തീരുമാനം

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ സർക്കാരിന്റെയോ ബോർഡിന്റെയോ പരിഗണനയിലുണ്ടോ; | (എ) റിപ്പോർട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭ്യമായിട്ടുണ്ട്. |
| (ബി) കെ.എസ്.ഇ.ബി.യുടെ ഏതെല്ലാം തസ്തികകളിലെ എത്ര ഒഴിവുകളിലാണ് നിയമനം നടത്തുന്നത് നിർത്തി വയ്ക്കാൻ ഈ റിപ്പോർട്ട് ശുപാർശ ചെയ്തിട്ടുള്ളത്; ഏതെല്ലാം തസ്തികകൾ വെട്ടിക്കുറയ്ക്കാനാണ് ശുപാർശയുള്ളത്; | (ബി) റിപ്പോർട്ടിലെ ശുപാർശകളിൽ വിശദമായ പഠനത്തിനു ശേഷം മറ്റു ചില കാര്യങ്ങൾ കൂടി പഠന വിധേയമാക്കി റിപ്പോർട്ടു സമർപ്പിക്കാൻ ഐ.ഐ.എം. കോഴിക്കോടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൂടി ലഭ്യമായതിനു ശേഷം മാത്രമേ ഏതെല്ലാം തസ്തികകളിൽ നിയമനങ്ങൾ നടത്തണമെന്നും ഏതെല്ലാം ഒഴിവാക്കണമെന്നും ഉള്ള കാര്യങ്ങളിൽ നടപടികൾ കൈക്കൊള്ളുകയുള്ളൂ. |
| (സി) ഈ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി. ഏതെങ്കിലും തരത്തിലുള്ള കൂടിയോലോചനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ സർക്കാർ ഈ വിഷയത്തിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ